പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4303** 26/06/2014 ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യമൊരുക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ. നാരായണൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) അടിസ്ഥാന സൗകര്യമില്ലാത്ത സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | (ബി) | സർക്കാർ പ്രൈമറി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി നിരവധി ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കുടിവെള്ള സൗകര്യം, വൈദ്യുതീകരണം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള ടോയ്‌ലറ്റുകൾ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള ടോയ്‌ലറ്റുകൾ, സ്കൂളുകൾക്ക് റാമ്പ് ആന്റ് റെയിൽ, സ്കൂളുകൾക്ക് ചുറ്റുമതിൽ, ക്ലാസ് മുറികൾക്ക് ഇടഭിത്തി, അഡീഷണൽ ക്ലാസ് മുറികൾ, പ്രഥമാധ്യാപകന്റെ മുറി, പൊട്ടിപൊളിഞ്ഞ കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ, സ്മാർട്ട് ക്ലാസ് മുറികൾ, വിദ്യാലയ ആകർഷണ പദ്ധതികൾ തുടങ്ങിയവ ഇതിൽപ്പെടുന്നു.<br>2011-12 സാമ്പത്തിക വർഷം സംസ്ഥാനത്തെ 212 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് 6.58 കോടി രൂപ വിനിയോഗിച്ച് ലാബ് ഉപകരണങ്ങൾ, 128 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് 2.41 കോടി രൂപ വിനിയോഗിച്ച് കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങി നൽകി. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായി 600 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ മൂത്രപ്പുര, ടോയ്‌ലറ്റ്, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കാൻ 31.16 കോടി രൂപ നൽകി. 2013-14 സാമ്പത്തിക വർഷം 39 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകി. 2014-15 സാമ്പത്തിക വർഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ |

അടിസ്ഥാന സൗകര്യ വികസനത്തിന് 61 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളുടെ കെട്ടിട നിർമ്മാണം, ലാബ് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങി നൽകൽ ഇതിൽ ലക്ഷ്യമിടുന്നു.

14.03.2013 -ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1208/13/പൊ.വി.വ പ്രകാരം സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 ഗവഃ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്‌ലറ്റുകളും യൂറിനലുകളും മറ്റും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്ന് "2202-02-001-95-34(OC)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 30.10.2013 -ലെ സർക്കാർ ഉത്തരവ് (സാധ) നമ്പർ 4583/13/പൊ.വി.വ പ്രകാരം 400 ലക്ഷം രൂപ 8 സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി (ഒരു സ്കൂളിന് 50 ലക്ഷം രൂപ നിരക്കിൽ) 2013-14 -ൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15 ബജറ്റിൽ, കെട്ടിട നിർമ്മാണത്തിനായി ക്യാപിറ്റൽ ഹെഡിൽ 4 കോടി രൂപ നീക്കി വച്ച് പദ്ധതി പ്രവർത്തനങ്ങൾക്കായി 8 വി.എച്ച്.എസ്. സ്കൂളുകൾ തെരഞ്ഞെടുത്ത് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹൈസ്കൂളുകളുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

Padmakumar

സെക്ഷൻ ഓഫീസർ